ഉത്തരം

(എ) ഉണ്ട്.

(ബി) 1958 മുതൽ നടക്കുന്നു.

(സി) കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിലും വെള്ളായണി കാർഷിക കോളേജിലും.

(ഡി, ഇ) വാഴയെ ബാധിക്കുന്ന കുറുനാമ്പ് രോഗത്തെക്കുറിച്ച് കണ്ണാറയിലെ വാഴഗവേഷണ കേന്ദ്രത്തിലും വെള്ളായണി കാർഷിക കോളേജിലും ഗവേഷണം നടക്കുന്നുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിന് നൈമറാ, ഫ്യൂറഡാൻ എന്നീ രാസവസ്തുക്കൾ നിർദ്ദിഷ്ട തോതിൽ ഉപയോഗിക്കുന്നത് ഏറെക്കുറെ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

മലിനീകരണം മൂലം കൃഷി നാശം

616. [835] ശ്രീ. ബെന്നിബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ചിത്രപ്പുഴ പ്രദേശത്ത് മലിനീകരണം മൂലം കൃഷി നാശം സംഭവിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവിടത്തെ കർഷകർക്ക് നഷ്ട പരിഹാരം കൊടുക്കുമെന്ന ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) എത്ര കർഷകർക്ക് ഇതുമൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(സി) 3000 ഏക്കർ പ്രദേശത്തെ കൃഷിക്കാരെയാണ് ബാധിച്ചിട്ടുള്ളതെങ്കിലും കൃഷിക്കാരുടെ കൃത്യമായ കണക്കെടുത്തിട്ടില്ല.

തെങ്ങ് രോഗം മൂലം ഉണ്ടാകുന്ന നഷ്ടം

617. [837] ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തെങ്ങിനു ബാധിച്ചുകൊണ്ടിരിക്കുന്ന വിവിധ തരം രോഗങ്ങൾ മൂലം സംസ്ഥാനത്തെ കേര കൃഷിക്കാർ പൊതുവേയും ഓണാട്ടുകരയിലെ കേര കൃഷിക്കാർ പ്രത്യേകിച്ചും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭീമമായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly